**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 985** **14-01-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ വെള്ളപ്പൊക്കക്കെടുതിയും ജലക്ഷാമവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജി ചെറിയാൻ,<br>ശ്രീ. കെ. സുരേഷ് കുറുപ്പ് ,<br>ശ്രീ. ആർ.രാജേഷ്,<br>ശ്രീമതി യു. പ്രതിഭ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കുട്ടനാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതി ഇല്ലാതാക്കുന്നതിനു പ്രഖ്യാപിച്ചിട്ടുള്ള കുട്ടനാട് പാക്കേജിൽ ജലവിഭവ വകുപ്പ് നടത്തിവരുന്ന പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ; രണ്ടാം ഘട്ടത്തിൽ വിവിധ ഘടക പദ്ധതിക്കൾക്കായി എത്ര തുക നീക്കിവച്ചിട്ടുണ്ട്; | (എ) | കുട്ടനാട്ടിൽ ആവർത്തിച്ചുണ്ടാകുന്ന വെള്ളപ്പൊക്കക്കെടുതി ഇല്ലാതാക്കുന്നതിനു റീബിൾഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി റൂം ഫോർ റിവർ പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. വെള്ളപ്പൊക്ക കെടുതി ലഘൂകരിക്കുന്നതിനായി എ.സി കനാൽ ഒന്നാംകര മുതൽ പള്ളാത്തുരുത്തി വരെ നീട്ടുന്ന പ്രവൃത്തി, തോട്ടപ്പള്ളി സ്പിൽവേയുടെയും ലീഡിംഗ് ചാനലിന്റെയും നവീകരണം എന്നീ പ്രവൃത്തികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. ഇവ നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നു. രണ്ടാംഘട്ട പ്രവർത്തന ങ്ങൾക്കായി 2019-20 സാമ്പത്തിക വർഷം പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 32 കോടി രൂപയും 2020-21 ൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി 17.4 കോടി രൂപയും നബാർഡ് സ്കീമിൽ ഉൾപ്പെടുത്തി 29.10 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതിയുടെ ഭാഗമായി കായലും ജലാശയങ്ങളും ശുചീകരിക്കാൻ പരിപാടിയുണ്ടോ; | (ബി) | പദ്ധതികളുടെ ഭാഗമായി പുറംബണ്ടിലെ നിർമ്മാണം നടത്തുമ്പോൾ കായലിൽ നിന്നും ജലാശയങ്ങളിൽ നിന്നും ലഭിക്കുന്ന ചെളിയും മണ്ണുമാണ് ഉപയോഗിക്കുന്നത്. ഇപ്രകാരം ആഴം കൂട്ടി ഇവയുടെ ആവാഹനശേഷി വർദ്ധിപ്പിക്കുന്നതിനും ശുചീകരിക്കുന്നതിനും കഴിയും. |
| (സി) | കുട്ടനാട്ടു പ്രദേശത്തെ കുടിവെള്ളപ്രശ്നം പരിഹരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ? | (സി) | കുട്ടനാട്ടിലെ ജലക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി പതിമൂന്നാം ധനകാര്യകമ്മീഷനിൽ ഉൾപ്പെടുത്തി 70 കോടി രൂപയുടെ ഭരണാനുമതി നൽകിയ പ്രവൃത്തികൾ 3 പാക്കേജുകളിലായി നടപ്പിലാക്കി. പാക്കേജ്-1 : ഈ പ്രവൃത്തിയിൽ രണ്ട് റീച്ചുകളായി ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു. റീച്ച് 1 - ജല ശുദ്ധീകരണശാല - മൂട്ടാർ വെളിയനാട് നീലംപേരൂർ സോണിലെ വെളിയനാട്ടു മുതൽ പേരൂർ |

| | | | |
|---|---|---|---|
| | | | വരെ - 11400 മീറ്റർ. റീച്ച് - 2 : ജല ശുദ്ധീകരണശാല - തലവടി-എടത്വ-വീയപുരം സോണിൽ എടത്വ മുതൽ വീയപുരം വരെ - 6500 മീറ്റർ. ഈ പാക്കേജിൽ 6 കി.മി. വിതരണശൃംഖല രാമങ്കരി, പുളിങ്കുന്ന്, കാവാലം, നെടുമുടി, കൈനകരി പഞ്ചായത്തുകളിൽ സ്ഥാപിച്ചിട്ടുണ്ട്. കിഫ്ബി അനുമതി നൽകിയ കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടത്തിന്റെ പ്രവർത്തികൾ പൂർത്തീകരിച്ചെങ്കിൽ മാത്രമേ ഇതിന്റെ പ്രയോജനം ലഭ്യമാകുകയുള്ളൂ. പാക്കേജ്-2: രണ്ട് റീച്ചുകളായി പ്രവൃത്തി പൂർത്തീകരിച്ചു. ജല ശുദ്ധീകരണശാല മുതൽ രാമങ്കരിവരെ - (12328 മീ.) പള്ളിക്കൂട്ടുമ്മ മുതൽ പുളിങ്കുന്ന് കാവാലം വരെ ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു - (5880 മീ.) 800 എം.എം. പൈപ്പ് നിലവിലെ പമ്പിംഗ് മെയിനുമായി കണക്ട് ചെയ്ത് രാമങ്കരി, ചമ്പക്കുളം ഭാഗത്ത് കുടിവെള്ള വിതരണം മെച്ചപ്പെടുത്തി. പാക്കേജ്-3: 4.50 ലക്ഷം ലിറ്റർ ഉന്നതതല ജലസംഭരണിയുടെ നിർമ്മാണം പൂർത്തീകരിച്ചു. ഉന്നതതല ജലസംഭരണിയിലേക്ക് പമ്പിംഗ് മെയിൻ, പമ്പ് ഹൗസ്, പമ്പ് സെറ്റ് എന്നിവയുടെ പണികൾ ആരംഭിച്ചിട്ടുണ്ട്. 46 കി. മീറ്ററിൽ36 കി.മീ. വിതരണശൃംഖല പൂർത്തിയായി. മുട്ടാർ സെൻട്രൽ, അമ്പലപ്പുഴ-തിരുവല്ല, നെടുമുടി-കരുവാറ്റ എന്നീ പ്രധാന റോഡുകളിലൂടെ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായുള്ള അനുമതി നൽകുന്ന കാര്യം പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലാണ്. 2017-18 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുട്ടനാട് കുടിവെള്ള പദ്ധതി – രണ്ടാം ഘട്ടത്തിനു 289 കോടി രൂപയുടെ ധനസഹായം കിഫ്ബി മുഖേന നൽകിയിട്ടുണ്ട്. നീരേറ്റുപുറത്ത് നിലവിലുള്ള ജലശുദ്ധീകരണ ശാലയ്ക്ക് സമീപം 30 എം.എൽ.ഡി ജല ശുദ്ധീകരണ ശാലയും 13 പഞ്ചായത്തുകളിൽ ഉന്നതതല ജലസംഭരണികളും 39 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനുകളും 895 കിലോമീറ്റർ വിതരണ ശൃംഖലയുമാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ടി പദ്ധതിയുടെ സ്ഥലം ഏറ്റെടുക്കൽ പ്രവർത്തികൾ നടന്നുവരുന്നു. ജല ശുദ്ധീകരണശാലയ്ക്ക് ആവശ്യമായ സ്ഥലം ലഭിച്ചാലുടൻ നിർമ്മാണ പ്രവൃത്തികൾ ടെൻഡർ ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ